# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 709 — 28.02.2018-ൽ മറുപടിയ്ക്ക്

## ക്ഷീര മേഖലയിലെ പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.മോൻസ് ജോസഫ് | ശ്രീ.കെ രാജു<br>(വനവും, മൃഗസംരക്ഷണവും, ക്ഷീരവികസനവും, മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) ക്ഷീരമേഖലയുടെ സംരക്ഷണത്തിനും പുരോഗതിയ്ക്കുമായി ഈ സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ളത്; | (എ) ക്ഷീരമേഖലയുടെ സംരക്ഷണത്തിനും പുരോഗതിയ്ക്കുമായി ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തുകൊള്ളുന്നു.<br>1) മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതി (MSDP)<br>2) കാറ്റിൽഫീഡിംഗ് സബ്സിഡി<br>3) തീറ്റപ്പുൽകൃഷി<br>4) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ<br>5) പ്രാഥമിക ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായവും ഗുണമേന്മ മെച്ചപ്പെടുത്തലും<br>6) ക്ഷീരകർഷക കടാശ്വാസ പദ്ധതി<br>7) ക്ഷീരകർഷകർക്കുള്ള വരൾച്ചാ ദുരിതാശ്വാസ പദ്ധതി<br>കൂടാതെ, കേരള ക്ഷീരകർഷക ക്ഷേമനിധിയി മുഖേന അർഹരായ ക്ഷേമനിധി അംഗങ്ങളായ ക്ഷീരകർഷകർക്ക് വിവിധ പെൻഷനുകൾ, മരണാനന്തര ചെലവുകൾക്കായി ധനസഹായം, അംഗങ്ങളുടെ പെൺമക്കൾക്ക് വിവാഹധനസഹായം, വിദ്യാഭ്യാസ ധനസഹായം, ചികിത്സാ ധനസഹായം എന്നീ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ, ഗോസമൃദ്ധി എന്നീ ഇൻഷുറൻസ് പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. |
| (ബി) ചെറുകിട ക്ഷീരകർഷകരുടെ പ്രോത്സാഹനത്തിനും പിന്തുണയ്ക്കുമായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതികൾ അറിയിക്കാമോ ; | (ബി) ക്ഷീര വികസന വകുപ്പിന്റെ പദ്ധതികൾ എല്ലാം ഒന്നു മുതൽ 20 വരെ പശുക്കളെ വളർത്തുന്ന ചെറുകിട-ഇടത്തരം കർഷകരെ സഹായിക്കുന്നതിന് ലക്ഷ്യം വെച്ചാണ്. ഒന്നു മുതൽ 10 വരെ പശുക്കളെ വളർത്തുന്ന പുതിയ ഫാമുകൾക്ക് സബ്സിഡി അനുവദിച്ചും നിലവിലുള്ള ചെറുകിട കർഷകർക്ക് ഫാമിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് വിവിധ |

| | | |
|---|---|---|
| | | പദ്ധതികളിലൂടെ ധനസഹായം നൽകിയും സംഘത്തിൽ അളക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപ നിരക്കിൽ സർക്കാർ സബ്സിഡിയും ത്രിതല പഞ്ചായത്തുകൾ വഴി ലിറ്ററിന് പരമാവധി 3 രൂപ നിരക്കിൽ സബ്സിഡിയും അനുവദിച്ചു വരുന്നുണ്ട്. ഇതിനു പുറമേ ക്ഷീര കർഷക ക്ഷേമനിധിയിലൂടെ കർഷക പെൻഷനും, മറ്റുവിവിധ ക്ഷേമ പദ്ധതികളിലൂടെയുള്ള ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്.<br>ചെറുകിട ക്ഷീര കർഷകരുടെ പ്രോത്സാഹനത്തിനും പിന്തുണയ്ക്കുമായി മിൽമയുടെ മേഖല യൂണിയനുകളും വൈവിധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു |
| (സി) | ക്ഷീരകർഷകർക്ക് നൽകി വരുന്ന ബോണസ് വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ; | (സി) കേരള സഹകരണ സംഘം നിയമവും ചട്ടവും പ്രകാരമാണ് ക്ഷീരകർഷകർക്ക് ബോണസ് നൽകി വരുന്നത്. സംഘത്തിന്റെ പ്രവർത്തന ലാഭത്തിനനുസരിച്ച് തുകയിൽ ഏറ്റക്കുറച്ചിൽ ഉണ്ടാകാറുണ്ട്. സഹകരണ നിയമത്തിൽ മാറ്റം വരുത്തുന്നതിനനുസരിച്ച് മാത്രമേ ബോണസ് ശതമാനത്തിൽ മാറ്റം വരുത്താൻ കഴിയൂ. നിലവിൽ ഈ വിഷയം പരിഗണനയിൽ ഇല്ല. |
| (ഡി) | കാലിത്തീറ്റയ്ക്ക് നൽകി വരുന്ന സബ്സിഡി ഉയർത്തുന്ന കാര്യം പരിശോധിക്കുമോ എന്ന് അറിയിക്കാമോ ? | (ഡി) ഇപ്പോൾ കാലിത്തീറ്റയ്ക്ക് ഓരോ കർഷകരും സംഘത്തിൽ അളക്കുന്ന പാലിന് ആനുപാതികമായി ലിറ്ററിന് 1 രൂപ നിരക്കിൽ സബ്സിഡി നൽകുന്നുണ്ട്. കൂടാതെ ത്രിതല പഞ്ചായത്ത് മുഖാന്തിരം പരമാവധി 4 രൂപ വരെ ധനസഹായം നൽകുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**